# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മുന്നേറ്റം

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
കുണ്ടൂപ്പറമ്പ്
കോഴിക്കോട്

Scanned with OKEN Scanner

# വിദ്യാലയ വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. ഹയർസെക്കണ്ടറി സ്കൂൾ, |
| സ്ഥലം | : കുണ്ടൂപ്പറമ്പ് |
| സ്കൂൾ കോഡ് | : 10137(HSS), 17100(HS) |
| ഫോൺ | : 04952392399 |
| പോസ്റ്റ് ഓഫീസ് | : എടക്കാട്, PIN 673005 |
| ഉപജില്ല | : ചേവായൂർ |
| വിദ്യാഭ്യാസ ജില്ല | : കോഴിക്കോട് |
| താലൂക്ക് | : കോഴിക്കോട് |
| ജില്ല | : കോഴിക്കോട് |
| തദ്ദേശസ്വയംഭരണസ്ഥാപനം | : കോഴിക്കോട് കോർപ്പറേഷൻ |
| ഡിവിഷൻ | : ആറ് |
| നിയമസഭാമണ്ഡലം | : കോഴിക്കോട് നോർത്ത് |
| ലോകസഭാ മണ്ഡലം | : കോഴിക്കോട് |

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

പ്രദേശത്ത് ലഭ്യമായ കുടിപ്പള്ളിക്കൂടം സമൂഹത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് പര്യാപ്തമാവുന്നില്ലെന്ന തിരിച്ചറിവിൽനിന്നാണ് പുതിയ വിദ്യാഭ്യാസസൗകര്യങ്ങൾക്കുള്ള അന്വേഷണം ആരംഭിക്കുന്നത്. ഈ അന്വേഷണം ഫലപ്രാപ്തിയിലെത്തുന്നത് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പിന്തുണയോടെ എലിമെന്ററി സ്കൂൾ സ്ഥാപിക്കപ്പെടുന്നതോടെയാണ്.

1919ൽ കേരളത്തിൽ നവോത്ഥാനത്തിന്റെ കാറ്റുവീശിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് കുണ്ടൂപ്പറമ്പിൽ ഒരു വിദ്യാലയം സ്ഥാപിതമാകുന്നത്. കുടിപ്പള്ളിക്കൂടമായി ആരംഭിച്ച വിദ്യാലയം നിരവധി പരീക്ഷണഘട്ടങ്ങൾ പിന്നിട്ടാണ് ഇന്നത്തെ നിലയിലെത്തിയിരിക്കുന്നത്. ഒരു നൂറ്റാണ്ടു തികയാൻ പോകുന്ന ഈ വിദ്യാലയം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വിജ്ഞാനത്തിന്റെ കവാടങ്ങളിലേയ്ക്ക് വഴികാണിച്ചിട്ടുണ്ട്.

കക്കുഴിപ്പടിപ്പറമ്പിൽ ഒന്നു മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകൾ നിലവിൽ വന്നു. ഇതാനായി പ്രൈമറി വിഭാഗത്തിന്റ ഹാൾ പാച്ചുക്കുട്ടി എന്നയാൾ നിർമ്മിച്ചു നൽകി. ഹയർഗ്രേഡ് അധ്യാപകനായ മാച്ചിലാടത്ത് രാമൻ നായരായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. 1949 ൽ സ്കൂൾ കെട്ടിടവും സ്ഥലവും മുന്നത്ത് കണ്ടി പ്രഭാകരന്റെ ഉടമസ്ഥതയിലാ

Scanned with OKEN Scanner

യി. കേരളപ്പിറവിയോടെ കുണ്ടൂപ്പറമ്പിലെ വിദ്യാഭ്യാസ സൗകര്യവും വളരുവാൻ തുടങ്ങി. 1957 ൽ അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ.ജോസഫ് മുണ്ടശ്ശേരി യു.പി. സ്കൂളാക്കി ഉത്തരവ് പുറപ്പെടുവിച്ചു. 1958ൽ സർക്കാർ ഏറ്റെടുത്തപ്പോൾ സ്കൂൾ ഗവ. യു.പി സ്കൂൾ ആയി ഉയർന്നു. 1980 ൽ കേരളത്തിലെ മറ്റു പ്രദേശങ്ങൾക്കൊപ്പം ഇവിടെയും ഹൈസ്കൂൾ സ്ഥാപിതമായി. എൻ. ചന്ദ്രശേഖരക്കുറുപ്പ് ആയിരുന്നു അപ്പോൾ ഈ പ്രദേശത്തെ എം. എൽ.എ. അദ്ദേഹം ജനകീയ പിന്തുണയോടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.  മൂന്നു മുറിയുള്ള ഒരു കെട്ടിടം നിർമ്മിച്ചു. ഇതിനായി 1981ൽ അരയാടത്ത് ഗോപാലൻ അഡ്വാൻസ് പൊസഷനായി 13.5 സെന്റ് വിട്ടു കൊടുത്തു. പ്രസ്തുത സ്ഥലത്ത് നാട്ടുകാരുടെയും ഹൈസ്കൂൾ കമ്മറ്റിയുടെയും സഹകരണത്തോടെ കെട്ടിടം നിർമ്മിച്ചു.

1981 ൽ ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു. ടി.പി.ചന്ദ്രശേഖരൻ നായർ ഹൈസ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. 1989 ൽ 18 സെന്റ് സ്ഥലം സർക്കാർ ഏറ്റെടുത്ത് നാല് ക്ലാസ്സ് മുറികൾ നിർമ്മിക്കാൻ ടെൻഡർ വിളിച്ചു. 1990 ഒക്ടോബർ 11 ന് ഹൈസ്കൂൾ കെട്ടിടത്തിന് എം.ദാസൻ എം.എൽ.എ ശിലാസ്ഥാപനകർമ്മം നടത്തി.

ഒരു കാലത്ത് പരിസരപ്രദേശങ്ങളിലെ മുഴുവൻ കുട്ടികളും ആശ്രയിച്ചിരുന്നത് കുണ്ടൂപ്പറമ്പ് സ്കൂളിനെയായിരുന്നു. അതിനാൽ ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തണമെന്ന ആവശ്യം ഉയർന്നു വന്നു. അങ്ങനെ 2008 ൽ ഹയർസെക്കണ്ടറി വിഭാഗവും ആരംഭിച്ചു.

തുടക്കത്തിൽ ഏറെ ബുദ്ധിമുട്ടി, ഓലമേഞ്ഞ കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച ഈ വിദ്യാലയം ഇന്ന് ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന ഘട്ടത്തിലാണ്. ഇപ്പോൾ എല്ലാ ക്ലാസ്സുകളും  കോൺക്രീറ്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

## ലക്ഷ്യം

മികച്ച അക്കാദമിക് അന്തരീക്ഷം, ഉയർന്ന വിജയശതമാനം, സാമൂഹികബോധമുള്ള അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും  ഉയർന്ന പ്രവർത്തനക്ഷമത, ലാബ്, ലൈബ്രറി, കളിസ്ഥലം, ജൈവവൈവിധ്യോദ്യാനം, സ്മാർട്ട്റൂമുകൾ, പാചകശാല, ഭക്ഷണശാല തുടങ്ങി അക്കാദമികവും ഭൗതികവുമായ വികസനത്തിനുള്ള മൂർത്തമായ ആസൂത്രണമാണ് ഈ രേഖകൊണ്ട് ഉദ്ദേശിക്കുന്നത്. അടുത്ത വർഷം മുതൽ, പരിമിതികൾ ഉല്ലംഘിച്ച് മികച്ച പഠനാനുഭവങ്ങൾ നൽകുന്ന നിലവാരമുള്ള വിദ്യാലയമായി നമ്മുടെ വിദ്യാലയത്തെ മാറ്റുക എന്നതാണ് ഉദ്ദേശ്യം.

സാമൂഹിക പങ്കാളിത്തത്തോടെയും സർക്കാർ ഏജൻസികളുടെ സഹകരണത്തോടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പിന്തുണയോടെയും അധ്യാപക-രക്ഷാകർതൃ സമിതി, സ്കൂൾ പിന്തുണാസമിതി തുടങ്ങിയവയുടെ സഹായത്തോടെയും നമ്മുടെ വിദ്യാലയത്തെ സംസ്ഥാനത്തെ മികച്ച വിദ്യാലയമായി ഉർത്തിക്കൊണ്ടുവരേണ്ടതുണ്ട്. കൃത്യമായ ആസൂത്രണത്തിലൂടെ മാത്രമേ ഇത് സാധ്യമാവുയുള്ളൂ. അത്തരത്തിലുള്ള ഒരു ആസൂത്രണമാണ് ഈ മാസ്റ്റർപ്ലാൻ വിഭാവനചെയ്യുന്നത്.

ആകർഷകമായ സ്കൂൾപരിസരം, കായികവിദ്യാഭ്യാസത്തിനുള്ള സൗകര്യം, വിദ്യാർത്ഥികൾക്ക് ഒഴിവുസമയവായനയ്ക്കും റഫറൻസിനും ഉതകുന്ന തരത്തിലുള്ള ലൈബ്രറി, ഗുണനിലവാരമുള്ള കുടിവെള്ളസംവിധാനം, സൗകര്യപ്രദമായ ലബോറട്ടറികൾ, വൃത്തിയും വെടിപ്പുമുള്ള ഭക്ഷണശാലയും പാചകപ്പുരയും, ഇന്റർനെറ്റ് ആധുനികസൗകര്യങ്ങളുള്ള ക്ലാസ്സ്മുറികൾ, ഓഡിറ്റോറിയം തുടങ്ങിയവ നമ്മുടെ സ്കൂളിന്

Scanned with OKEN Scanner

ആവശ്യമുണ്ട്. ഇവ നേടിയെടുക്കുവാനും അടുത്ത അധ്യയനവർഷത്തോടെ സാക്ഷാൽക്കരിക്കാനും കഴിയണം.

## കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസരംഗം മുമ്പെന്നത്തേക്കാളും അന്തസ്സ് കൈവരിച്ചിരിക്കുന്ന കാലമാണിത്. പൊതുവിദ്യാലയങ്ങൾ ഉപേക്ഷിച്ചുപോയ വിദ്യാർത്ഥികൾ അക്കാദമിക് മികവും ഭൗതികസൗകര്യങ്ങളും തിരിച്ചറിഞ്ഞ് തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ കുട്ടികൾക്ക് അന്താരാഷ്ടനിലവാരമുള്ള വിദ്യാഭ്യാസം കൊടുക്കുക എന്നത് പ്രധാനമാണ്. സൗകര്യങ്ങൾ വർദ്ധിച്ചതുകൊണ്ടുമാത്രം ഈ ലക്ഷ്യം കൈവരിക്കാനാവില്ല. എന്നാൽ അതിനനുസരിച്ച് പഠനകാര്യങ്ങളിലും മികവുപുലർത്തേണ്ടതുണ്ട്. വിജശതമാനം വർദ്ധിപ്പിക്കുക എന്ന പ്രഥമപരിഗണനയിൽമാത്രം ഒതുങ്ങിപ്പോകാതെ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതും സുപ്രധാനമാണ്. മികച്ച സൗകര്യങ്ങൾ, അർപ്പണബോധമുള്ള അധ്യാപകർ, ഗുണമേന്മയുള്ള വിനിമയരീതി എന്നതാവണം നമ്മുടെ കാഴ്ചപ്പാട്.

### വിദ്യാലയം മികവിന്റെ കേന്ദ്രം.

കേരളത്തിന്റെ സാംസ്ക്കാരികവും സാമൂഹികവും കാർഷികവും സർക്ഷാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മുല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്ക് ഉതകുംവിധംഎല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.

ഒന്നുമുതൽ 12 വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക. വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുക, എല്ലാ കുട്ടികളിലും പാഠ്യപദ്ധതി നിർദ്ദശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷികളും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കുംവിധം ആർജ്ജിക്കാനവസരമുണ്ടാക്കുക, വിദഗ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുക, പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക, കുട്ടികളുടെ സർക്ഷക്രിയാശേഷികളെ പരിപ്പോഷിപ്പിക്കുന്നതിന് ൗതികവും സർക്ഷാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിക്കുക.

സമ്പൂർണ്ണ ശുചിത്വം - പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക-വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക-സ്നഹവും സാഹോദര്യവും കാത്തുസൂക്ഷിക്കുന്ന ഒരു വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുക

1.എല്ലാകുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും

2.ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പിക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

3.ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും. ഉറപ്പാക്കുക.

4.ക്ലാസ്സുമുറികളിൽ ഐസിടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.



Scanned with OKEN Scanner

5.കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

6.ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും.

7.പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ല ഭ്യമാക്കും.

8.പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസൗകര്യവും വികസിപ്പിക്കും.

9.സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനിക വൽക്കരിച്ച പഠന പ്രക്രിയയുടെ ഭാഗമാക്കും.

10.ലഘുപഠനയാത്രകൾ , പഠന ക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെകേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നിനും ലക്ഷ്യം വെച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക. നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്സ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

* ഒന്നുമുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം.. കലാകായിക പ്രവൃത്തിപരിചയ പഠനത്തിൽ പങ്കാളിത്തവും താൽപ്പര്യവും ഉറപ്പാക്കണം. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം, തുടങ്ങിയവ കൈവരിക്കണം, ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം, ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
* മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയതലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.

Scanned with OKEN Scanner

*പ്ലാസ്റ്റിക്ക് - മുക്ത - കീടനാശിനി , മുക്ത - ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.

* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

* വിദ്യാഭ്യാസത്തിന്റെ ജനകീയ വൽക്കരണം അർത്ഥ പൂർണ്ണമാക്കും.

*തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.

*കുട്ടികൾക്കായി ഗൈഡൻസ് , കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും

* സ്ക്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.

* സ്ക്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

Scanned with OKEN Scanner

2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ — മലയാളം

## എൽ. പി. വിഭാഗം.

| S/N | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഭാഷാ ശേഷി വികസനം. | അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | പി.ടി.എ. | |
| 2 | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള അറിവ് | എഴുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ. കഥ, കവിത, രചനകൾക്കുള്ള വേദി ഒരുക്കൽ. | | | 2000/- |
| 3 | വായന പരിപോഷണം | വായനാഞ്ജലി പുസ്തക ശേഖരണവും പ്രദർശനവും. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായന കുറിപ്പ് | | | |

| S/N | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ |
|---|---|---|---|---|---|
| 4. | ~~സാഹിത്യകാര~~ | ഓർമ്മദിനങ്ങൾ ആചരിക്കൽ | | | |
| 4. | സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. അടുത്തറിയൽ | ഡോക്യുമെന്ററി പ്രദർശനം.<br>പുസ്തക പരിചയം- ക്വിസ്<br>~~ക്ക്~~ ലക്ഷ്യ പ്രഭാഷണം<br>ജീവിത രേഖ തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം.<br>പ്രദർശനം. | | | |
| 5 | സർഗ്ഗോത്സവം | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം. | വർഷത്തിൽ ഒരിക്കൽ. | | |

Scanned with OKEN Scanner

2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ.പി വിഭാഗം

## ഇംഗ്ലീഷ്.

| S/N | ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം. | കാർട്ടൂൺ പ്രദർശനം.<br>സിനിമ പ്രദർശനം. | ജൂൺ - മാർച്ച് | | |
| 2 | ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം. | Lets talk....<br>പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാല സഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | | | |
| 3 | വായന | വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br>വായന ക്ലബ്ബ് | | | |

| S/N | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ |
| --- | --- | --- | --- | --- | --- |
| | | ബാല പ്രസിദ്ധീകരണങ്ങളുടെ വായന. | | | |
| 4. | ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറിക്കുറിപ്പ് | | | |
| 5 | സർഗ്ഗാത്മകം | ഇംഗ്ലീഷ് തിയേറ്റർ-<br>Skit<br>Drama<br>Conversation<br>Story telling. | | | |

# 2025-2026

## അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം

### എൽ.പി. വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമഗ്രികൾ |
|---|---|---|---|---|---|
| | കുട്ടികളിൽ പരിസരപഠനത്തിൽ താൽപര്യം വളർത്തൽ ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കൽ | ക്ലാസ്റൂമിൽ ശാസ്ത്രമൂല പരീക്ഷണങ്ങൾ ചെയ്യപ്പെടുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |
| | ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങിയ വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | 3,4 ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് നിരീക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | <u>ശാസ്ത്രമേളകൾ</u><br>കുട്ടികളെ ശാസ്ത്രമേളക്ക് തയ്യാറാക്കുന്നു. മേളയിൽ പങ്കെടുപ്പിക്കുന്നു. | ശാസ്ത്രമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. | | | |

# 2025 - 2026

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം.

### എൽ. പി. വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല. | സാമ്പത്തികം |
|---|---|---|---|---|---|
| | കുട്ടികളിൽ ഗണിത ശാസ്ത്രത്തിലുള്ള താത്പര്യം വളർത്തൽ. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | ചതുഷ്ക്രിയകൾ.<br>1. കുട്ടികളിൽ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ. (സങ്കലനം, വ്യവകലനം, ഗുണനം ഹരണം എന്നീ ക്രിയകൾ ഉറപ്പിക്കൽ.) പ്രായോഗിക പ്രശ്ന പരിഹാരം.<br>ഗണിതശാസ്ത്ര ക്വിസ്.<br>2. ഗണിത ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നു.<br>അധ്യയന വർഷത്തിലെ ഓരോ മാസവും ഗണിത ക്വിസ് (എൽ. പി വിഭാഗം) സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച്. | അധ്യാപിക LP വിഭാഗം. | |

Scanned with OKEN Scanner

## ഉല്ലാസ ഗണിതം.

ഗണിത കളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ഗണിത പസിലുകൾ കുട്ടികൾ സ്വയം പൂർത്തിയാക്കുന്നു. കുട്ടികൾ ഗണിത പസിലുകൾ തയ്യാറാക്കി ഓരോ ആഴ്ചയിലും ഓരോ ചോദ്യം എന്ന രീതിയിൽ മത്സരം സംഘടിപ്പിക്കുന്നു.

## ഗണിത ശാസ്ത്ര മേള

കുട്ടികളെ ഗണിത ശാസ്ത്ര മേളയ്ക്ക് തയ്യാറാക്കുന്നു. മേളയിൽ പങ്കെടുപ്പിക്കുന്നു.

## ഗണിത ശാസ്ത്ര മാഗസിൻ.

ഗണിത ശാസ്ത്ര മാഗസിൻ കുട്ടികൾ തയ്യാറാക്കുന്നു.

Scanned with OKEN Scanner

# ACADEMIC MASTER PLAN

2025-26. STD III

**Subject** : English.

**AIM.** To Speak, Read and write English without any mistakes.

**Time** : June to march.

To check the vocabulary and writing skills of pupils.

**Activities.**

June and July :- Pretest
- To develop listening skills and reading skills.

**Skills.**

Listening : - Games Action Songs
- Hello english activities
- Conversations.
Skit, stories use ICT

Scanned with OKEN Scanner

## Speaking Skills :-

- Identify the naming words from the picture.
- Identify the action words from the same picture.
- Make simple sentences using the action words about the picture.
- Make simple descriptions about the picture.
- Growing sentences, picture reading and self introductions.

## August and september.

- Develop creative writing and speaking

## Reading Skills :

- Books reading
- Find words.
- Collect and read
- Rhyming words
- TB activities.

Scanned with OKEN Scanner

## Writing Skills.

- Make word web.
- Picture description.
- word chain
- Make words and Sentences.
- Make riddles and conversations.
- Add more line

## October and November.

* To express thoughts feelings etc..

## Reading Skills.

- Library Books reading.
- Conversation, skit, stories, use ICT
- Read Notice.
Develop story.

## Writing Skills.

- Description.
- Thoughts.

Scanned with OKEN Scanner

## December and January

- Develop the creative Speaking and writing

### Reading skills.

- Library book Reading
- conversations, skit stories. use ICT
- Develop story,
- Reads ~~dairy~~. dairy

### Writing skills.

- Dairy.
- Announcement.

## February, March

- To improve presentation power.

### Reading Skills.

- Library book reading.
- conversations. skit, stories.
- Develop stories.

### writing skill.

Diary, Description, thoughts, Exhibitions, Magazine

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26.

**വിഷയം:** മലയാളം.
**ക്ലാസ്സ്:** മൂന്ന്.

**ആമുഖം:**

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവും ആയ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ആണ് നാം ലക്ഷ്യമിടുന്നത്.

**ലക്ഷ്യം:**

* ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിക്കൽ (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)
* ഭാഷയിലെ വിവിധ വ്യവഹാരരൂപങ്ങളെ പരിചയപ്പെടുകയും സ്വയം അവയിൽ ഏർപ്പെടുകയും ചെയ്യൽ.

## പ്രവർത്തന പദ്ധതികൾ

**ജൂൺ:** പ്രിടെസ്റ്റ് നടത്തുന്നു.
അവലോകനം നടത്തൽ
വിവിധ നിലവാരക്കാരെ കണ്ടെത്തൽ
CPTA മീറ്റിങ്ങ്

**ജൂലായ്** :- ചിത്രം , വീഡിയോ എന്നിവയുടെ പ്രദർശനം.
- കണ്ട കാര്യങ്ങൾ അവതരിപ്പിക്കൽ
- പറയുകയും എഴുതുകയും ചെയ്യുന്നു.
- പകരം പദങ്ങൾ കണ്ടെത്തൽ.

**ആഗസ്റ്റ്** :- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും , സ്വതന്ത്രാവതരണത്തിനുള്ള അവസരം നൽകൽ
- കഥയിലെ ഇഷ്ടവാക്യങ്ങൾ പറയുന്നു. എഴുതുന്നു.
- വാക്യങ്ങൾ നിർമ്മിക്കുന്നു.

**സെപ്റ്റംബർ** :- കഥ അവതരിപ്പിക്കുന്നു.
- ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു
- കഥയിലെ കഥാപാത്രങ്ങൾ , ചിത്രം വരയ്ക്കുന്നു . പേര് എഴുതുന്നു.

**ഒക്ടോബർ** :- വളരുന്ന വാക്യങ്ങൾ ഉപയോഗത്തിൽ ചിത്രം നോക്കി പേര് എഴുതൽ

- മല, വലിയ മല, മരങ്ങളുള്ള വലിയമല
- ഇതുപോലുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തൽ എഴുതൽ

**നവംബർ** :- ചിഹ്നങ്ങൾ ഉറപ്പിക്കൽ

- ICT ചിത്രം കാണിച്ച് വാക്യങ്ങൾ എഴുതൽ
- പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു

**ഡിസംബർ** :- ലളിതമായ വായനാക്കാർഡുകൾ വായിക്കൽ (അധ്യാപികയുടെ സഹായം)

- സ്വയം വായിക്കാനുള്ള അവസരം

**ജനുവരി** :- അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

- കുട്ടികൾ വായിക്കുന്നു.
- കഥാ പാത്രങ്ങൾ പറയുന്നു.
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

**ഫെബ്രുവരി** :- കഥാചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.

- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
- കഥാപതിപ്പ് തയ്യാറാക്കുന്നു.

**മാർച്ച്** :- CPTA നടത്തുന്നു.

- വായനയിലും എഴുത്തിലും കുട്ടിയുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു.

Scanned with OKEN Scanner

# ACADEMIC MASTER PLAN.

2025-26.

**വിഷയം** : പരിസര പഠനം.

**ക്ലാസ്സ്** : മൂന്ന്.

ആമുഖം.

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിത്വ പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ നിറയേണ്ട ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

ലക്ഷ്യം.

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

Scanned with OKEN Scanner

- ശാസ്ത്രീയ വിഷയങ്ങളിൽ അഭിരുചിയും, താത്പര്യവും വളർത്തുക.

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

പ്രവർത്തന പദ്ധതികൾ.

ജൂൺ - ജൂലായ്.

- പ്രസിഡന്റ്
- അവലോകനം
- പ്രകൃതി നടത്തം
- ജീവജാലങ്ങളെ നിരീക്ഷിക്കൽ.
- പ്രത്യേകതകൾ മനസ്സിലാക്കൽ
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
- ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.
- സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം
- പരിപാലനം
- വൃക്ഷത്തൈ നടൽ.
- പരിപാലനം
- പരിസര മലിനീകരണം (ചർച്ച)
  ജലമലിനീകരണം
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

Scanned with OKEN Scanner

ജൂലായ് – സെപ്തംബർ.

* ദിന കൃത്യങ്ങൾ
* ഓരോ ദിനവും പ്രാധാന്യങ്ങൾ കുട്ടികളെ സ്കൂളിൽ വരാൻ എന്ന ബോധം
* ദിവസ പരിശോധന ചുമതല നൽകൽ,
* ശുചിത്വ മത്സരം
* വൃത്തി, വ്യക്തിശുചിത്വം, ക്ലാസ് റൂം, പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകൽ
* നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
* നല്ല ശീലങ്ങൾ പോസ്റ്റർ പ്രദർശനം

ഒക്ടോബർ – ഡിസംബർ

- ഫീൽഡ് ട്രിപ്പ് (വയൽ, കുളം, പുഴ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ
- പ്രദർശനം

ജനുവരി – മാർച്ച്.

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

Scanned with OKEN Scanner

- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാകുന്നു.
- പക്ഷി നിരീക്ഷണത്തിന് അവസരം
- പച്ചക്കറി തോട്ടത്തിലെ കിളികൾക്ക് ദാഹജല സജ്ജീകരണം.

# ACADEMIC MASTERPLAN

## 2025-26.

വിഷയം: ഗണിതം.

ക്ലാസ്സ്: മൂന്ന്.

**ആമുഖം:**

ഒന്ന്, രണ്ട് ക്ലാസ്സിലെ അറിവുകൾ സ്വായത്തമാക്കി, വ്യക്തമായ ധാരണയോടും ശേഷികൾ ശേഷികൾ കൈവരിച്ചുവരാണ്. മൂന്നാം ക്ലാസ്സിലെ കുട്ടികൾ അതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കൽ എന്നതിനായി ഈ ദൗത്യം പൂർത്തിയാക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ:**

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതുവാൻ കഴിയുക.
- ഗണിത പഠനം ഉല്ലാസകരവും കൗതുകമുള്ളതുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പാക്കുക.

Scanned with OKEN Scanner

- സംഖ്യാ സ്വാംശീകരണശേഷി.
- ചതുഷ്ക്രിയകളും പ്രശ്ന പരിഹരണശേഷിയും ഉറപ്പിക്കുക

## പ്രവർത്തന പദ്ധതികൾ

**ജൂൺ :**

- ഗണിതവിജയം കളികൾ
- സംഖ്യാവായന, എഴുത്ത്
- ആരോഹണ അവരോഹണക്രമം

**ജൂലായ് :**

- ഇരട്ടയക്ക മൂന്നക്ക സംഖ്യ എഴുതുന്നു
- തുടർച്ചയായ സംഖ്യ എഴുതുന്നു
- സംഖ്യാ നിർമ്മാണം
- സംഖ്യാപഠനം

**ആഗസ്റ്റ്**

- അബാക്കസ് ഉപയോഗിച്ച് സംഖ്യാ കുറിക്കുന്നു
- 100 ന്റെ ഗുണിതം കണ്ടെത്തി പറയുന്നു
- അരവിന്ദ് ഗുപ്ത കാർഡ് (സംഖ്യാനിർമ്മാണം)

സെപ്റ്റംബർ:

- സംഖ്യാചക്രം ഉപയോഗിച്ച് സങ്കലനം
- " " വ്യവകലനം
- ഭിന്നക സംഖ്യകളുടെ സങ്കലനവും വ്യവകലനവും

ഒക്ടോബർ:

- ഗണിത ബിംഗോ കളികൾ.
- വിവിധ ക്രിയകൾ അടങ്ങിയ സ്ട്രിപ്പുകൾ ഉപയോഗിച്ച് ഗണിത ക്രിയകൾ ചെയ്യുന്നു.

നവംബർ:

- വിവിധ ക്രിയകൾക്ക് വരാവുന്ന ഉത്തരങ്ങൾ ഊഹിച്ച് കണ്ടെത്തൽ
- ക്രിയകൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ

ഡിസംബർ

- വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ
- ഗണിതാശയ രൂപീകരണം
- അക്കങ്ങൾ ആവർത്തിക്കാത്ത ഭിന്നക സംഖ്യകളുടെ രൂപീകരണം.
- ഗണിത കേളികളിൽ ഏർപ്പെടുന്നു.

Scanned with OKEN Scanner

ജനുവരി :

- കച്ചവടക്കണക്ക്.
- കടയിട്ട് വില നൽകി വില കണ്ടെത്തൽ
- കളിനോട്ട് ഉപയോഗിച്ച് ക്രിയ ചെയ്യൽ
- പണം കൈകാര്യം ചെയ്യൽ.

ഫെബ്രുവരി:

- പ്രായോഗിക പ്രശ്ന പരിഹരണം.
- വിവിധ measuring scale ഉപയോഗിച്ചുള്ള പ്രവർത്തനം.

മാർച്ച്

- ഗണിത വിജയ പ്രവർത്തനം ഉറപ്പുവരുത്തൽ
- CPTA യിൽ വിലയിരുത്തൽ.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- മികവുകളുടെ അവതരണം.

Scanned with OKEN Scanner

II

GHSS Kundupramba

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം - 2025-26

STD-4

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ ആകൃതികളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രോജക്ട്<br>ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു | ജൂൺ, ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ | ആഗസ്റ്റ് |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉണ്ടാക്കൽ | സെപ്റ്റംബർ |
| സങ്കലന, വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനക്കണക്കുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട കണക്കുകൾ/പ്രവർത്തനങ്ങൾ. | ഒക്ടോബർ - നവംബർ |
| ഗുണന വസ്തുതകൾ നേടൽ | • മനക്കണക്കുകൾ<br>• മഞ്ചാടിക്കുരു | ഡിസംബർ-ജനുവരി |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>• ഐ.സി.ടി. വിഭവങ്ങൾ ഉപയോഗിക്കുന്നു | ഫെബ്രുവരി മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## പരിസരപഠനം - Std-4

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | സമയക്രമം | സാമ്പത്തികം | പങ്കാളിത്തം |
|---|---|---|---|---|
| നിരീക്ഷണം - അറിവുനിർമ്മാണം | പഠനയാത്രയുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | PTA | CPT |
| **ശാസ്ത്രമേള** | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, ഉപകരണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG SSA ക്ലബ് PTA | ട്രസ്റ്റി SRG SSA PTA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേഖലയിലെ സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം | PTA രക്ഷിതാക്കൾ | SRG ട്രസ്റ്റിമാർ |
| **ഭൂപടനിർമ്മാണം** | | | | |
| കേരളം - ഇന്ത്യ ഭൂപടവായന - സൂചിക പരിചയപ്പെടൽ | ഭൂപടവായന, ഭൂപടത്തിന്റെ സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | PTA | SRG ട്രസ്റ്റിമാർ |
| **ശാസ്ത്രവിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ ശേഖരിക്കൽ | ആവശ്യാനുസരണം | PTA | SRG ട്രസ്റ്റിമാർ |

സാമൂഹ്യശാസ്ത്രം

Scanned with OKEN Scanner

[illegible]

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, പ്രദർശനം, ഉപകരണനിർമ്മാണം, പരീക്ഷണം, ഉല്പന്ന പ്രദർശനം | വർഷത്തിലൊരിക്കൽ | PTA | SRG ക്ലാസ് ടീച്ചർ |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികയുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | PTA | SRG ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - Std-4 - 2025-26

വിഷയം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലന സാഹചര്യങ്ങൾ · ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA രക്ഷ |
| വായനാ വളർച്ച | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം · ക്ലാസ് ലൈബ്രറി ഒരുക്കൽ · പുസ്തക പരിചയം വായനാക്കുറിപ്പ് - ആനുകാലിക വായന | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| എഴുത്തും തിരുത്തും | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗത്തിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവാദങ്ങൾ | | | | |
| ലോകം ഭാഷ പരിചയപ്പെടൽ, സാഹിത്യകാരന്മാരെ അറിയൽ | സാഹിത്യകാരന്മാരുമായി കൂടിയുള്ള സംവാദങ്ങൾ | ആവശ്യാനുസരണം | Class teacher | |
| [illegible] | | | | |
| അറിവ് ശേഖരണത്തിന് വിദ്യാർത്ഥികൾ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class teacher | PTA |

Scanned with OKEN Scanner

ഭക്ഷ്യദിനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | [illegible] |
|---|---|---|---|---|
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പഴയകാല ഭക്ഷ്യവിഭവങ്ങൾ ചാർട്ട് നിർമ്മാണം - ക്ലാസിനൊരു സദ്യ | ഒക്ടോബറിൽ | SRG class teacher | |

ഓർമ്മ - അനുസ്മരണം (സാഹിത്യകാരന്മാർ)

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനങ്ങൾ സമുചിതമായി ആചരിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ജീവചരിത്ര പ്രദർശനം - പുസ്തക പരിചയം - ക്വിസ് - പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG class teacher | |

കലാക്കൂട്ട്

| | | | | |
|---|---|---|---|---|
| ഉപകരണങ്ങളുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്സുമുറിയിലേക്ക് - കലാവതരണം - കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | ഡിസംബറിൽ | SRG class teacher | PTA |

സർഗ്ഗോത്സവം

| | | | | |
|---|---|---|---|---|
| [illegible] മേളകളിൽ നേടിയ ശേഷികൾ മറ്റു വിദ്യാർത്ഥികളോട് പങ്കുവെക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | ഫെബ്രു - ജനുവരി | SRG class teacher | PTA |

Acadamic Master Plan- English - 2025-26

Std:4

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ | വർഷം മുഴുവൻ | class tr | |
| **ഇംഗ്ലീഷ് ഡയറി** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ ഡയറി രൂപത്തിൽ എഴുതൽ | ആഴ്ചയിൽ 3 ദിവസം | class tr | |
| **ഇംഗ്ലീഷ് തിയേറ്റർ** | | | | |
| സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗത്തെ ആസ്പദമാക്കി വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊരിക്കൽ | class tr | |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മക രചനാ ശേഷി വികസനം | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി വർഷത്തിലൊരിക്കൽ ഒരു മാഗസിൻ | വർഷത്തിലൊരിക്കൽ | class tr | |
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുവനീറുകൾ തയ്യാറാക്കുക | മാസത്തിലൊരിക്കൽ | class tr | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്വിസ് | മാസാദ്യത്തിൽ ഒന്ന് | class tr | |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | വായനാ മത്സരം, രചനാ മത്സരം ഭാഷാ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിലൊരിക്കൽ. | class tr | |

# Academic Master Plan Maths UP 2025-26

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിത ക്രിയകൾ കുട്ടികൾക്ക് ഉറപ്പ് വരുത്തുന്നു.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നു.
* യുക്തിചിന്ത, ഗണിത ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുന്നു.

| ശേഷികൾ | പ്രവർത്തനങ്ങൾ | സമയം | |
|---|---|---|---|
| സംഖ്യാബോധം. | * നാലക്ക സംഖ്യകളുടെ സംഖ്യാബോധം വ്യാഖ്യാനം.<br>* പാറ്റേൺ വിശകലനം.<br>* നാലക്ക സംഖ്യകൾ സ്ഥാനമനുസരിച്ച് എഴുതുന്ന വായിക്കുന്നു | ജൂൺ | |
| | * പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>* നാലക്കസംഖ്യകളുടെ വായന. | ജൂലൈ. | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| നാലക്ക സംഖ്യകളുടെ സങ്കലനം | * നാലക്ക സംഖ്യകളുടെ സങ്കലനം.<br>* ഗണിത ക്വിസ് സംഘടിപ്പിക്കൽ<br>* രണ്ട് നാലക്ക സംഖ്യകൾ തമ്മിൽ വ്യത്യാസം കാണുന്നു.<br>* വ്യവകലന ക്രിയകൾ കടമെടുത്ത് ചെയ്യുന്നു.<br>* പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>* സ്വയം നാലക്ക സംഖ്യകൾ എഴുതുന്നു വായിക്കുന്നു.<br>* സങ്കലനവും വ്യവകലനവും സ്വയം ചെയ്യാൻ പ്രാപ്തി നേടുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ.<br>ഒക്ടോബർ | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| നാലക്ക സംഖ്യകളുടെ ഗുണനം. | * സംഖ്യകൾ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>* നിത്യ ജീവിതത്തിൽ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | നവംബർ | |
| | * ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ.<br>* പ്രശ്നങ്ങൾ ഹരണ ക്രിയയിലൂടെ നിർധാരണം ചെയ്യൽ. | ഡിസംബർ | |
| | * പകുതി കാൽ ഭാഗം എന്നിവ കണ്ടെത്തൽ.<br>* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ജനുവരി | |

Scanned with OKEN Scanner

| | | |
|---|---|---|
| * നാലക്ക സംഖ്യകളുടെ ഗുണനം.<br>* ഗുണന പട്ടിക പഠിക്കുന്നു. | ഫെബ്രുവരി | |
| * പതിനായിരത്തിന് അപ്പുറം എന്ത്?<br>* പതിനായിരത്തിന് അപ്പുറമുള്ള അക്കങ്ങൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു. | മാർച്ച് | |

# Academic Master Plan English UP 2025-26

**Aim** : To speak, Read and write English without any mistakes

**Time** : June to march

| Objectives | Activities | Time. | |
|---|---|---|---|
| Listening skill | * Games, Action songs.<br>* Conversation, skit, stories. | June. | |
| Speaking skill | * Identify the naming words from picture.<br>* Identify the action words from the same picture.<br>* Make simple sentences using the action word and naming words. | July | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | | | |
| | * Make simple description about the picture<br>* Growing sentences, picture reading self introduction etc | | |
| Reading skill | * Find words.<br>* Collect and read past tense<br>* rhyming words<br>* describing words<br>* Text book activities. | August | |
| Writing skills | * make word web.<br>* picture description.<br>* Word chain sentence chain<br>* make words & sentences.<br>* make conversation. | September | |

Scanned with OKEN Scanner

| Objectives | Activities | time | |
|---|---|---|---|
| | * Add more lines | | |
| Reading Skill | * Small books reading<br>* Conversations, skit stories | october | |
| Writing skill | * develop story.<br>* description.<br>* notice writing<br>* Thought | November | |
| Speaking skill | * Develop the creative speaking and writing.<br>* Express thoughts feeling etc. | December | |
| Reading skill | * Reading text book.<br>* Conversation skit. Stories | January | |

Scanned with OKEN Scanner

| Objectives | Activities | Time | |
| --- | --- | --- | --- |
| Writing skill | * diary<br>* Letter<br>* Announcement | February | |
| Reading skill | * Develop story.<br>* Conversation | | |
| Writing skill | * Letter<br>* Announcement<br>* Description<br>* notice proclamation.<br>* Thought | March | |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026 – യു.പി വിഭാഗം മലയാളം 13

| ലക്ഷ്യം | പ്രവർത്തനം | കാലം | |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം അതായത് സംവേദനം നടത്താൻ പര്യാപ്തമാക്കി വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | * പഠിതാക്കൾ അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, സംഭാഷണം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | |
| | * ചാർട്ട് പേപ്പറിൽ അക്ഷരങ്ങൾ എഴുതി അവതരണത്തോട്ട് വാക്കുകൾ ഉണ്ടാക്കുന്നു. | എല്ലാ ദിവസവും | |
| | * അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തിച്ചു വരുന്ന വരികൾ ഉരുവിട്ട് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ദിവസവും | |
| | * പദങ്ങൾ ഉൾപ്പെട്ട കാർഡുകൾ നൽകി വാക്യങ്ങളുടെ നിർമ്മാണം | ജൂലൈ | |
| 2) പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക. | * പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | ദിവസവും | |
| 3) പഠിതാക്കളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം | പ്രതിമാസം. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| 4. മലയാളം ടൈപ്പിംഗ് പഠിക്കലും അതിലൂടെ സർഗ്ഗാത്മക ശേഷി വളർത്തലും | * മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും. സ്കൂൾ ബ്ലോഗിൽ തയ്യാറാക്കലും. | ഒരു വർഷം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026 - യു.പി സാമൂഹ്യശാസ്ത്രം

കാലം : ജൂൺ - മാർച്ച്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ, ഇവ പരിശോധനയിലൂടെ നേടിയെടുക്കുന്നു | * സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠനത്തിന്റെ അടിസ്ഥാനപര അറിവ് പകർന്നുനൽകുന്നതിന് ഉപോൽബലമായ ഭാഷാപരിശീലനം നൽകുന്നു.<br>* ആദിമകാല സമൂഹം മുതൽ ഇന്നോളം വരെയുള്ള നദികൾ, കുടിയേറ്റം, സാമ്രാജ്യങ്ങൾ, വിപ്ലവങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്വാദ്യമാക്കി ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാം. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപിക | [illegible] |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | * സിനിമകൾ സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാനപ്പെട്ട സംഭവങ്ങളുടെ വീഡിയോ പ്രദർശനം | ജൂലൈ | ,, | [illegible] |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | * ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനങ്ങൾ മനസ്സിലാക്കാം. | ജൂലൈ | ,, | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ വീഡിയോ/ ചിത്രങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളു ടെ ഭീകരതയെക്കുറിച്ച് മനസ്സിലാക്കാനും ദുരന്തനിവാരണ ഉദ്യോഗസ്ഥരുടെ സഹായ ത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ് ത്ര അധ്യാപിക | |
| 5. വിവരവിനിമയ സാങ്കേതിക വിദ്യകളുടെ ദുരുപയോഗങ്ങളെ കുറിച്ചും, റോഡ് സുരക്ഷ യെ കുറിച്ചും, ലഹരിയെക്കുറി ച്ചും വിദ്യാർത്ഥികളെ ബോ ധവാന്മാരാക്കുക. | * സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വ ത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരു ടെയും, ട്രാഫിക് പോലീസിന്റെയും സ ഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾ ക്കും ബോധവൽക്കരണ ക്ലാസ് നൽകുക | അക്കാദമിക വർഷം | | |
| 6. സുസ്ഥിര വികസന കാഴ്ച പ്പാട് രൂപപ്പെടുത്തുക. | * പരിസ്ഥിതി ചൂഷണത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിവിധ മായ കാഴ്ചകൾ, സ്ലൈഡുകൾ, ചാർട്ടു കൾ എന്നിവ സമാഹരിച്ച് ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കുക. | അക്കാദമിക വർഷം. | | സാമൂഹ്യശാ സ്ത്ര ക്ലബ്. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **കണ്ടറിയാനൊരു യാത്ര.**<br>വംശനാശം നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, പരിസ്ഥിതി നിരീക്ഷണം, ആവാസവ്യവസ്ഥകളെക്കുറിച്ചുള്ള പഠനം, പ്ലാനറ്റേറിയത്തെക്കുറിച്ച് അറിയാൻ, പുഴയെ അറിയൽ തുടങ്ങിയ ലക്ഷ്യങ്ങൾക്കായുള്ള യാത്രകൾ സംഘടിപ്പിക്കൽ. | ജൂലൈ | ശാസ്ത്ര അധ്യാപകർ<br>എക്കോ ക്ലബ്ബ് | |
| | **പരീക്ഷണക്കളരി.**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു, പരീക്ഷണകിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ശാസ്ത്ര ക്ലബ്ബ്, സീഡ് ക്ലബ്ബ്, എക്കോ ക്ലബ്ബ് തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങളും, മത്സരങ്ങളും സംഘടിപ്പിക്കുകയും വിവിധ ശാസ്ത്ര ആശയങ്ങൾ പരിചയപ്പെടുത്തുകയും എക്സ്പേർട്ട് ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ് | |

Scanned with OKEN Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ - യു.പി. സയൻസ് - 2025 - 26 ②

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | **എക്സ്പോ - എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |
| | **മുഖാമുഖം**<br>നൂതന ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| | **യുറേക്കാ.**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. യുറീക്കാ മാസിക എല്ലാ മാസവും ക്ലാസിൽ എത്തിക്കുന്നതിനായി യുറീക്കാ വാർഷിക വരിക്കാരായി. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര.**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.<br>എക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശിക്കാനും വിവിധയിനം സസ്യങ്ങളെക്കുറിച്ചും ഔഷധ സസ്യങ്ങളെക്കുറിച്ചും കണ്ട് മനസിലാക്കാനുള്ള അവസരം ഒരുക്കൽ. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

Scanned with OKEN Scanner

HS വിഭാഗം മലയാളം

| | പ്രവർത്തനം | ലക്ഷ്യം | പ്രക്രിയ | കാലാവധി | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉൽപ്പന്നം |
|---|---|---|---|---|---|---|---|---|
| | വായിക്കാം ആസ്വദിക്കാം വായന ദിനം (ജൂൺ 19) | വിവിധ പ്രവർത്തനങ്ങൾ / ആശയ സ്വാംശീകരണം / വ്യംഗ്യാർത്ഥ വിശകലനം / സമകാലിക സാഹചര്യങ്ങളോട് സമരസപ്പെടൽ | ആസ്വാദനക്കുറിപ്പ് മത്സരം / പുസ്തകപരിചയം | ഒരു വർഷം | മലയാളം അധ്യാപിക | വാക്യഘടന, സമകാലിക പ്രസക്തി , ആശയ അവതരണം | പി.ടി.എ | ഓഡിയോബുക്ക് |
| | എഴുത്ത് വായന ഉറപ്പിക്കൽ | സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, എന്നിവ | | ഒരു വർഷം (3.30 pm – 4.30 pm) | മലയാളം അധ്യാപിക | എഴുത്ത് വായന | SRG | കയ്യെഴുത്ത് മാഗസിൻ |
| | ഭാഷാ ജ്യോതി (കേരളപ്പിറവി ദിനം) | കല , സംസ്കാരം ഭാഷയും സാംസ്കാരിക തനിമയും തിരിച്ചറിഞ്ഞ് ഭാഷാഭിമാനം വളർത്തൽ | അക്ഷരപ്പൂട്ട് / വായന / എഴുത്ത് | 1 ആഴ്ച | മലയാളം അധ്യാപിക | ആർജ്ജിച്ചെടുത്ത മൂല്യം | പി ടി എ | എൻ്റെ സംസ്കാരം -ആൽബം (ഉൾക്കവിയ കലകളിലൂടെ ഭാഷാ പഠനം) |

Scanned with OKEN Scanner

HS. Hindi

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉൽപ്പന്നം | |
|---|---|---|---|---|---|---|---|---|
| | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക ഭാഷ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | നാടകം വേദിയിൽ അവതരിപ്പിക്കുന്നതിന് ഉചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു | ജൂൺ ജൂലൈ | ഹിന്ദി അധ്യാപകൻ | | PTA | | |
| | സാഹിത്യാഭിരുചി വളർത്തുക.ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കാലോത്സവം മികച്ച രീതിയിൽ നടത്തുക. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുക. | ആദ്യം ചൊല്ലൽ കഥാകവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി അധ്യാപകർ | | | | |
| | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന കഥയെ തിരക്കഥയായി മാറ്റുവാൻ<br>സ്വഭാവ സവിശേഷതകളിൽ മേൽ കുറിപ്പ് തയ്യാറാക്കുവാൻ<br>ഡയറി എഴുതൽ | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു<br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു<br>എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | നവംബർ ജനുവരി | ഹിന്ദി അധ്യാപകർ | | | | |

Scanned with OKEN Scanner

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ജൂൺ ജൂലൈ | | | | | |
| | പാഠം സർവ്വതാവ് വിശേഷണം എന്നിവ മനസ്സിലാക്കുന്ന വാക്യ ഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ ഗദ്യവാക്യങ്ങൾ എഴുതുവാൻ പരിശീലിപ്പിക്കുന്നു. | നൽകുന്നു അതിൽനിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കഥാകവിത പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസിൽ | ഓഗസ്റ്റ് സെപ്റ്റംബർ | | | | | |
| | പോസ്റ്റർ തയ്യാറാക്കുവാൻ കവിത വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതൽ | പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു<br><br>ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു ചെറിയ കവിത നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു | നവംബർ ഡിസംബർ | | | | | |

Scanned with OKEN Scanner

HS. Social Science

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉത്പന്ന | |
|---|---|---|---|---|---|---|---|---|
| | ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ ഇവയുടെ സ്ഥാനം തിരിച്ചറിയാൻ | ഭൂപട നിർമ്മാണം, ഭൂപടത്തിലെ ചിഹ്നങ്ങൾ പരിചയപ്പെടുത്തുക | 2025 -അക്കാദമിക വർഷം | | | | | |
| | ഭൂമിശാസ്ത്ര സവിശേഷതകൾ (നദി, പീഠഭൂമി ,പർവ്വതങ്ങൾ, മരുഭൂമികൾ, സസ്യങ്ങൾ) തിരിച്ചറിയൽ | സർവ്വേ, പ്രോജക്റ്റ്, ചർച്ചകൾ ,സംവാദം, സെമിനാർ ,ആൽബം, ഫ്ലോചാർട്ട് | | | | | | |
| | ഇന്ത്യയുടെ വികസനത്തിൽ പങ്കുവഹിച്ച സമര നേതാക്കൾ, പ്രസ്ഥാനങ്ങൾ, സമരങ്ങൾ പരിചയപ്പെടുക | സർവ്വേ, പ്രോജക്റ്റ്, ചർച്ചകൾ ,സംവാദം, സെമിനാർ ,ആൽബം, ഫ്ലോചാർട്ട് സ്കൂൾ പാർലമെൻറ്, മോക്ക് പാർലമെൻറ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്ക് ആയുള്ള പ്രവർത്തനങ്ങൾ | | | | | | |

Scanned with OKEN Scanner

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇന്ത്യയുടെ വികസനത്തിൽ പങ്കുവഹിച്ച സമര നേതാക്കൾ, പ്രസ്ഥാനങ്ങൾ, സമരങ്ങൾ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി | | | | | | |
| | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക | വായന സാമഗ്രികൾ സംഘടിപ്പിക്കുക<br>ഫീൽഡ് ട്രിപ്പ് | | | | | | |
| | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം | ഫീൽഡ് ട്രിപ്പ് | | | | | | |

Scanned with OKEN Scanner

HS. Maths.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉൽപ്പന്നം | |
|---|---|---|---|---|---|---|---|---|
| | ഗണിതത്തിലെ പഠന പിന്നോക്കാവസ്ഥ പരിഹാരമാർഗങ്ങൾ | പ്രീ ടെസ്റ്റ് നടത്തി പഠന വിടവ് കണ്ടെത്തി, പഠന വിടവ് നികത്താൻ ആവശ്യമുള്ള ക്ലാസുകൾ അധ്യാപികയും മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളും കൂടി നൽകുക പ്രവർത്തനം | 2025-26 അക്കാദമിക വർഷം | ഗണിത അധ്യാപിക | | | | |
| | ഗണിതത്തിലെ ഹോട്ട്സ്പോട്ട് കണ്ടെത്തി പരിഹാരം | ഹാർഡ് സ്പോട്ട് കണ്ടെത്തി ആവശ്യമായ വർക്ക് ഷീറ്റ് നൽകുന്നു geometrical ചാർട്ട്, നമ്പർ ചാർട്ട്, ഗണിത രൂപ നിർമ്മാണം | 2025-26 അക്കാദമിക വർഷം | ഗണിത അധ്യാപിക | | | | |
| | ഗണിതം ആസ്വാദ്യകരമാക്കി തീർക്കൽ | നിർമ്മിതി ശേഷി കൈവരിക്കൽ geometry ബോക്സിന്റെ ലഭ്യത ഉറപ്പുവരുത്തുന്നു | 2025-26 അക്കാദമിക വർഷം | ഗണിത അധ്യാപിക | | | | |

Scanned with OKEN Scanner

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഗണിതം ആസ്വാദ്യകരമാക്കി തീർക്കൽ | മികച്ച വിദ്യാർത്ഥികളെ ഗണിതമേളയിൽ എത്തിക്കുന്ന പ്രവർത്തനം | 2025-26 അക്കാദമിക വർഷം | ഗണിത അധ്യാപിക | | | | |
| | ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിതരൂപം നിർമിതി ഗണിത മേളച്ചൊരുക്കൽ | മികച്ച വിദ്യാർത്ഥികളെ ഗണിതമേളയിൽ എത്തിക്കുന്ന പ്രവർത്തനം ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ മാഗസിൻ നിർമ്മാണം | 2025-26 അക്കാദമിക വർഷം | ഗണിത അധ്യാപിക | | | | |
| | ദിനാചരണങ്ങൾ ഗണിത ക്ലബ്ബ്<br><br>ദിനാചരണങ്ങൾ ജൂൺ 19 പാസ്കൽസ് ഡേ<br><br>ജൂൺ 22 പൈ അപ്പ്രോക്സിമേഷൻ ഡേ<br><br>ആഗസ്റ്റ് 4 ജോൺ വെൻ ഡേ<br><br>ഡിസംബർ 22 രാമാനുജൻ ഡേ<br><br>മാർച്ച് 14 പൈ ഡേ | ഇടർ പ്രവർത്തനം | 2025-26 അക്കാദമിക വർഷം | ഗണിത അധ്യാപിക | | | | |

Scanned with OKEN Scanner

HS. Science

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉൽപ്പന്നം | |
|---|---|---|---|---|---|---|---|---|
| | നിരീക്ഷണപാടവം, കൗതുകം , ജിജ്ഞാസസ എന്നിവ പരിപോഷിപ്പി ക്കുക | പാഠങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു | 2025-26 അക്കാദമിക വർഷം | | | | | |
| | *നിരന്തര അന്വേഷണത്തിനും വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുക | @പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ സ്വയം നിർമ്മിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു | 2025-26 അക്കാദമിക വർഷം | | | | | |
| | *ശാസ്ത്രബോധവും പരിസ്ഥിതി സൗഹൃദ മനോഭാവവും വളർത്തുക | @കുട്ടികൾ ഉണ്ടാക്കുന്ന വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം ഒരുക്കുന്നു | 2025-26 അക്കാദമിക വർഷം | | | | | |

Scanned with OKEN Scanner